കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം- 695033

നമ്പർ : 33870/ബി1/2020/സം.തി.ക. തീയതി :05.12.2020

പ്രേക്ഷകൻ
സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥർക്കും,
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും.

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2020 - തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് സ്കൂൾ കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

സൂചന:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 27/11/2020, 29/11/2020 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ എല്ലാ നിയോജകമണ്ഡലങ്ങളിലും അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ഭാഗമായി അടുത്തകാലത്ത് പണി പൂർത്തീകരിച്ചിരിക്കുന്ന സ്കൂൾ കെട്ടിടങ്ങളും, ഹൈടെക് ക്ലാസ് മുറികളും കോട്ടുപാടുകൾ കൂടാതെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകണമെന്ന് 01-12-2020 തീയതിയിലെ എസ്.എസ്.(1)/01-12/2020ഡിജിഇ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പൊതുതിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ സ്കൂൾ കെട്ടിടങ്ങൾ ഉപയോഗിക്കുന്ന കാര്യത്തിൽ താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1. ഇലക്ഷനുമായി ബന്ധപ്പെട്ട എല്ലാവിധത്തിലുമുള്ള അറിയിപ്പുകളും ദിശാബോർഡുകളും സ്ഥാനാർത്ഥികളുടെ വിശദാംശങ്ങളും പ്രദർശിപ്പിക്കുന്നതിന് കഴിയുന്നതും സ്കൂൾ അധികൃതർ ലഭ്യമാക്കുന്ന ബ്ലാക്ക് ബോർഡുകൾ കാർഡ് ബോർഡുകൾ മുതലായവ ഉപയോഗിക്കേണ്ടതാണ്.
2. ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ അവ ചുമരുകളിലോ വാതിലുകളിലോ പതിക്കേണ്ടി വരികയാണെങ്കിൽ ചുവരുകൾക്ക് കേടുപാടു വരാത്ത വിധം അവ

പതിക്കേണ്ടതും ഉപയോഗശേഷം ചുവരുകൾ വൃത്തികേടാകാത്ത വിധം അവ നീക്കം ചെയ്യേണ്ടതുമാണ്.

3. സ്ട്രോംങ് റൂമുകളായി ഉപയോഗിക്കുന്ന സ്കൂൾ കെട്ടിടങ്ങളിലെ ക്ലാസ് മുറികളിലെ ജനലുകൾ, വാതിലുകൾ, ചുമരുകൾ എന്നിവ സീൽ ചെയ്യേണ്ട സാഹചര്യത്തിൽ അവയ്ക്ക് കേടുപാടുകൂടാതെ വേണം സീൽ ചെയ്യേണ്ടത്.

വിശ്വസ്തതയോടെ,

എ.സന്തോഷ്
സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വരണാധികാരികൾക്കും,
ഓഫീസർമാർക്കും സെക്ഷനുകൾക്കും
പി.ആർ.ഒ. സംതി.ക
സ്റ്റാന്റിംഗ് കൗൺസിൽ,
കമ്പ്യൂട്ടർ പ്രോഗ്രാമർ
കമ്മീഷണറുടെ സി.എയ്ക്ക്
സെക്രട്ടറിയുടെ സി.എയ്ക്ക്
സ്റ്റോക്ക് ഫയൽ

'ജനഹിതം' , റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033
ഫോൺ : **0471-2325048 (Administration), 2337884 (Election)**
**e-mail:cru.sec@kerala.gov.in, electionker@gmail.com**
**website:www.sec.kerala.gov.in**